കമ്മിറ്റി അംഗങ്ങളാരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഷെയർ തുക 4.11.99-ൽ അടച്ചു.

(ഡി) നിയമപരമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. കരകുളം സർവീസ് സഹകരണ ബാങ്കിന്റെ ബൈലായിലെ ക്ളാസ് 17 അനുസരിച്ച് ബി ക്ളാസ് ഓഹരികൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് വ്യവസ്ഥയുള്ളതാകുന്നു. കൂടാതെ 4410-ാം നമ്പർ കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് സഹകരണസംഘത്തിന്റെ ഷെയർ കാപ്പിറ്റലിൽ പങ്കാളിയാകുന്നതിന് മറ്റ് സഹകരണ സംഘങ്ങളെ അനുവദിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ 12/96-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

118 (284) നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരുടെ വേതനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരായി ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ വ്യവസ്ഥയിലാണെങ്കിൽ ഇപ്പോൾ കമ്മീഷൻ നൽകിവരുന്നതിന്റെ മാനദണ്ഡമെന്തെന്ന് വിശദീകരിക്കുമോ;

(സി) കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീതിസ്റ്റോർ തുടങ്ങിയ സംഘങ്ങളിൽ കൂടുതൽ ജീവനക്കാരുണ്ടെങ്കിൽ അവരുടെ സേവനം സ്റ്റോറിനായി ഉപയോഗപ്പെടുത്തുവാനും പുതുതായി സെയിൽസ്മാൻമാരെ നിയമിക്കേണ്ടി വരികയാണെങ്കിൽ അവരെ വില്പനയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ വ്യവസ്ഥയിൽ നിയമിക്കാനും ആണ് അനുവദിച്ചിട്ടുള്ളത്.

(ബി) തുടക്കത്തിൽ 1% കമ്മീഷൻ വ്യവസ്ഥയിലായിരുന്നു പുതുതായി സെയിൽസ്മാൻമാരെ നിയോഗിച്ചിരുന്നത്. ഇപ്പോൾ ഫെഡറേഷൻ സംഘങ്ങൾക്കു നൽകുന്ന 4% കമ്മീഷനിൽ ആവശ്യമെന്നു കണ്ടാൽ സെയിൽസ്മാൻമാർക്ക് 1%-ൽ നിന്നും വർദ്ധിപ്പിച്ച് കമ്മീഷൻ നൽകുന്നതിന് അതാതു സംഘം ഭരണസമിതിക്ക് അധികാരമുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

119 (285) കോഴിക്കോട് ജില്ലയിലെ നീതിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്രയെണ്ണമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 72 എണ്ണം.

(ബി) 21 എണ്ണം.

120 (286) സഹകരണ പെൻഷൻ പദ്ധതി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ പദ്ധതി ജി.ഒ. (പി) 44/95 തീയതി 14.3.1995 ഉത്തരവനുസരിച്ച് കേരളത്തിൽ എത്ര സംഘങ്ങളിലെ എത്ര ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ട്;

(ബി) എത്ര സംഘങ്ങൾ ഇതുവരെ പദ്ധതിയിൽ ചേർന്നു;

(സി) ഈ പദ്ധതിപ്രകാരം നാളിതുവരെ ബോർഡിന് എത്ര തുക ലഭിച്ചു;

(ഡി) ഇതുപ്രകാരം പ്രതിമാസം എത്രതുക സംഘം വിഹിതം ലഭിക്കും;

(ഇ) എത്രപേർക്ക് എത്രതുക പെൻഷൻ ഇനത്തിൽ നല്കിവരുന്നു;

(എഫ്) പെൻഷൻ ബോർഡിന് പ്രതിമാസം എത്രതുക തൽചെലവ് ഇനത്തിൽ ചെലവുണ്ടാകുന്നുണ്ട്;

(ജി) പെൻഷൻ വിതരണത്തിന് സഹകരണ ഡിപ്പാർട്ടുമെന്റ് സൗജന്യസേവനം നടത്തുന്നുണ്ടോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും 1952 ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ 3000 ത്തോളം പ്രാഥമിക സഹകരണസംഘങ്ങളിലെ 20,000 ത്തോളം ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ടാവുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 31.3.99 വരെ 1758 സംഘങ്ങൾ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(സി) 31.3.99 വരെ 47.07 കോടി രൂപ പെൻഷൻ ഫണ്ട് ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ഡി) അംഗങ്ങളായിട്ടുള്ള 1758 സംഘങ്ങളിൽ നിന്നും പ്രതിമാസം 32.30 ലക്ഷം രൂപ സംഘം വിഹിതമായി ലഭിക്കുന്നുണ്ട്.

(ഇ) 31.3.99 ലെ കണക്കനുസരിച്ച് 700 പേർക്ക് 9.83 ലക്ഷം രൂപ പെൻഷൻ ഇനത്തിൽ പ്രതിമാസം നല്കിവരുന്നു.

(എഫ്) പ്രതിമാസം ശരാശരി 1,21,235 രൂപ വീതം തൽചെലവ് ഇനത്തിൽ 98-99 വർഷം ചെലവായിട്ടുണ്ട്.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly